# അല്ലാഹുവിന്റെ കൈ, കണ്ണ് എന്നിവ വിവിധരൂപത്തിൽ വന്നതിനെക്കുറിച്ച്

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ ( رَحِمَهُ الله )*
**അവലംബ ഗ്രന്ഥം:** **فتح رب البرية بتلخيص الحموية**
**വിവർത്തനം:** *ഹംസ ജമാലി*

അല്ലാഹുവിന്റെ രണ്ടു കൈകളെയും കണ്ണുകളെയും കുറിച്ച് പ്രമാണങ്ങളിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മൂന്ന് രീതിയിൽ കൊടുത്തതായി കാണാം.

ഏകവചനത്തിന് ഉദാഹരണം: അല്ലാഹു പറയുന്നു:

تَبَـٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ

"ആധിപത്യം ആരുടെ കയ്യിലാണോ അവൻ അനുഗ്രഹ പൂർണനായിരിക്കുന്നു." (അൽ മുൽക്:1)

وَلِتُصْنَعَ عَلَىٰ عَيْنِىٓ

"എന്റെ കൺമുമ്പിലായിക്കൊണ്ട് നിന്നെ വളർത്തിയെടുക്കാൻ വേണ്ടിയും കൂടിയാണത്." (ത്വാഹാ: 39)

أَوَلَمْ يَرَوْا۟ أَنَّا خَلَقْنَا لَهُم مِّمَّا عَمِلَتْ أَيْدِينَآ أَنْعَـٰمًا

"നമ്മുടെ കൈകൾ നിർമിച്ചതിൽപെട്ട കാലികളെ അവർക്കു വേണ്ടിയാണ് നാം സൃഷ്ടിച്ചിരിക്കുന്നത് എന്ന് അവർ കണ്ടില്ലേ" (യാസീൻ: 71)

تَجْرِى بِأَعْيُنِنَا

"നമ്മുടെ കൺമുമ്പിൽ സഞ്ചരിക്കുന്ന...." (അൽ ഖമർ:14)

بَلۡ يَدَاهُ مَبۡسُوطَتَانِ

“അല്ല, അവന്റെ ഇരുകൈകളും നിവർത്തപ്പെട്ടവയാകുന്നു.” (അൽ മാഇദ: 64)

പ്രവാചകൻ (ﷺ) പറഞ്ഞു:

إذا قام العبد في الصلاة، قام بين عيني الرحمن

“ഒരടിമ നമസ്കരിക്കാൻ നിന്നാൽ അവൻ പരമ കാരുണികന്റെ രണ്ട് കണ്ണുകൾക്കിടയിലാകുന്നു.”[1]

അല്ലാഹുവിന്റെ രണ്ടുകൈകളെയും കണ്ണുകളെയും സംബന്ധിച്ച് ഇങ്ങനെ മൂന്ന് രീതികളാണ് വന്നിട്ടുള്ളത്. ഇവയെ എങ്ങനെ യോജിപ്പിക്കാമെന്ന് നോക്കാം.

ഒന്നാമത്തെ ഏകവചനം ദ്വിവചനത്തിനോ ബഹുവചനത്തിനോ എതിരാകുന്നില്ല. കാരണം അല്ലാഹുവിലേക്കു ചേർത്തിപ്പറഞ്ഞ ഏകവചനം പൊതുവെ അല്ലാഹുവിന്ന് സ്ഥിരീകരിച്ച കൈ, കണ്ണ് എന്ന അർത്ഥത്തിലാണ്. അത് ഒന്നോ അതിൽ കൂടുതലോ ആവാം.

അതുപോലെ ദ്വിവചനവും ബഹുവചനവും വന്നതിനിടയിൽ യോജിപ്പിക്കുന്നത്: أقل الجمع اثنان (ബഹുവചനത്തിൽ ഏറ്റവും കുറവ് രണ്ടാണ്) എന്ന് നാം പറയുകയാണെങ്കിൽ അടിസ്ഥാനപരമായി അവ രണ്ടും ഒന്നാണ് സൂചിപ്പിക്കുന്നത് എന്നതിനാൽ അവക്കിടയിൽ യാതൊരു വൈരുധ്യവുമുണ്ടാകുന്നില്ല. ഇനി ഭാഷയിൽ പ്രബലമായ أقل الجمع ثلاثة (ബഹുവചനത്തിൽ ഏറ്റവും കുറഞ്ഞത് മൂന്നെണ്ണമാണ്) എന്ന് നാം പറയുകയാണെങ്കിൽ മൂന്നോ അതിലധികമോ വരുന്ന നിശ്ചിത എണ്ണം എന്നർത്ഥത്തിലല്ല. മറിച്ച് സാന്ദർഭികവും ബഹുമാനസൂചകവുമായി ഉപയോഗിച്ചിട്ടുള്ളതാണ് - والله أعلم - ചേർത്തു പറഞ്ഞത് ഏതൊന്നിലേക്കാണോ ചേർക്കപ്പെടുന്നത് അതനുസരിച്ച് അർത്ഥമാറ്റമുണ്ടാകും. أيدينا (നമ്മുടെ കൈകൾ) എന്നതിലെ نا (നമ്മുടെ) എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ബഹുമാനസൂചകവുമായി ഉപയോഗിച്ചിട്ടുള്ളതാണ്.

[1] അബൂഹുറയ്റ (رضي الله عنه) വിൽ നിന്നുദ്ധരിക്കപ്പെടുന്ന ഈ ഹദീസ് ശൈഖ് അൽബാനി (رحمه الله) ദുർബലമാണെന്ന് വ്യക്താക്കുന്നു. സിൽസിലത്തുള്ളഈഫ 1024 നമ്പറിൽ നോക്കുക.